**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പതിമൂന്ന ശതമാനത്തോളം വരുന്ന പ്രദേശങ്ങൾ ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നവയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉരുൾപൊട്ടൽ സാധ്യതാഭൂപടങ്ങൾ 2010-ൽ National Centre for Earth Science Studies (NCESS)ഉം 2022 ൽ Geological Survey of India (GSI)ഉം തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ദുരന്തനിവാരണ നിയമം 2005 ലെ 23(1)വകുപ്പ് പ്രകാരം തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 2016 (State Disaster Management Plan, 2016) അനുസരിച്ച്, NCESS 2010-ൽ തയ്യാറാക്കിയ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ അപകട സാധ്യത സാധ്യതാ മേഖലഭൂപടങ്ങൾ State Disaster Management Plan, 2016-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാധ്യത നിലനിൽക്കുന്ന 50 താലൂക്കുകൾ ഉണ്ടെന്നും കൂടാതെ, ഏകദേശം 5619.7 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് ഉരുൾപൊട്ടലിനുള്ള സാധ്യതയുള്ളതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉരുൾപൊട്ടൽ സാധ്യതാഭൂപടങ്ങൾ 2010-ൽ National Centre for Earth Science Studies (NCESS)ഉം 2022 ൽ Geological Survey of India (GSI)ഉം തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ദുരന്തനിവാരണ നിയമം 2005 ലെ 23(1)വകുപ്പ് പ്രകാരം തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 2016 (State Disaster Management Plan, 2016) അനുസരിച്ച്, NCESS 2010-ൽ തയ്യാറാക്കിയ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ അപകട സാധ്യത സാധ്യതാ മേഖലഭൂപടങ്ങൾ State Disaster Management Plan, 2016-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാധ്യത നിലനിൽക്കുന്ന 50 താലൂക്കുകൾ ഉണ്ടെന്നും കൂടാതെ, ഏകദേശം 5619.7 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് |

| | | | |
|---|---|---|---|
| | | | ഉരുൾപൊട്ടലിനുള്ള സാധ്യതയുള്ളതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (സി) | വനനശീകരണം, തെറ്റായ ഭൂവിനിയോഗം എന്നിവ ഉരുൾപൊട്ടലിനു കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കാലാവസ്ഥാവ്യതിയാനം, നിർമാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള മണ്ണെടുക്കൽ, മറ്റ അടിസ്ഥാന സൗകര്യവികസനങ്ങൾ, വനനശീകരണമുൾപ്പടെയുള്ള അശാസ്ത്രീയമായ ഭൂവിനിയോഗം, സംസ്ഥാനത്തു ഉരുൾപൊട്ടൽ അപകട സാധ്യത വർദ്ധിപ്പിക്കുന്നതായും മുൻപ് സ്ഥിരതയാർന്ന സ്ഥലങ്ങളെ അസ്ഥിരമാക്കുകയും ഉരുൾപൊട്ടൽ ഹോട്ട്സ്പോട്ടുകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | ഭാവിയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ ലഘൂകരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ഉണ്ടാകുന്ന ഉരുൾ പൊട്ടൽ മണ്ണിടിച്ചിൽ എന്നിവ സംബന്ധിച്ച വിശദമായ പഠനങ്ങൾ നടന്നിട്ടുണ്ട്. ഭൗമ ശാസ്ത്ര പഠന കേന്ദ്രം ആരംഭിച്ച ഇത്തരം പഠനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ജല വിഭവ പഠന കേന്ദ്രം, അമൃത വിശ്വ വിദ്യാലയം, കേരള സർവകലാശാല, അമേരിക്കയിലെ മിഷിഗൺ (MTU), IIT Indore, Centre for Disaster Resilience, University of Twente, The Netherlands, National Remote Sensing Centre എന്നിവർ നടത്തി വരുന്നു. സംസ്ഥാനത്ത് ഇത്തരം പഠനങ്ങൾക്ക് മേൽനോട്ടം നൽകുവാനും, പൊതു സമൂഹത്തെ ബാധിക്കുന്ന സാഹചര്യങ്ങളിൽ പ്രശ്ന പരിഹാരത്തിന് ഉപദേശം നൽകുവാനും KSDMA യുടെ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ ഉപദേശകസമിതി പ്രവർത്തിച്ചു വരുന്നുണ്ട്. വിശദമായ പഠനങ്ങൾ ആവശ്യമാകുന്ന സാഹചര്യത്തിൽ ജിയോളോജി/സിവിൽ/ ജിയോടെക്നിക്കൽ മേഖലയിൽ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം തേടുകയും ചെയ്യുന്നു.<br><br>ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ അപകട സാധ്യതാഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Kerala State Disaster Management Plan (2016) section 3.21.1 പ്രകാരം നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>ജില്ലാതല ഉരുൾപൊട്ടൽ അപകട സാധ്യതാഭൂപടത്തിൽ പരാമർശിച്ചിരിക്കുന്ന ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിൽ വികസനപ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയും വേണം. മണ്ണിടിച്ചിലുകൾ സംബന്ധിച്ച Emergency Support Function Plan (ESFP) 2015 ൽ |

വിശദീകരിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജർ (SOP) നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പാലിക്കപ്പെടണം. ഉയർന്ന അപകട സാധ്യതാ മേഖലകളിൽ quarry blasting മണ്ണിടിച്ചിൽ സാദ്ധ്യത വർധിപ്പിക്കുന്നതായി കണക്കാക്കപ്പെടുന്നു. അതിനാൽ കേരളത്തിലെ എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും (DDMAs) Hazard Susceptibility Assessment of Kerala (HSAK) 2014 പ്രകാരം ഈ മേഖലകളിൽ സ്ഫോടനത്തിന് അനുമതി നല്കിയിട്ടില്ലായെന്നു ഉറപ്പാക്കണം. മിതമായ അപകടസാധ്യതാ മേഖലകളിൽ, district-level crisis management committee for mining ന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ ഖനനം അനുവദിക്കാവൂ.

മണ്ണിടിച്ചിൽ അപകട സാധ്യത കുറയ്ക്കാനുള്ള പൊതുവായ നിയന്ത്രണങ്ങൾ:

തുടർച്ചയായി രണ്ട് ദിവസങ്ങൾ മഴ പെയ്താൽ, ഒരു മഴ മുക്ത ദിനം വരുന്നതു വരെ quarry blasting താൽക്കാലികമായി നിരോധിക്കണം. ഈ നിയമം നടപ്പാക്കാൻ village ഓഫീസർമാരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുന്നു. 20 ഡിഗ്രിയിൽ കൂടുതലുള്ള ചരിവുകളിൽ മഴക്കുഴികളുടെ നിർമ്മാണം മണ്ണിടിച്ചിൽ സാധ്യത വർധിപ്പിക്കുന്നതിനാൽ ഇത് നിരോധിച്ചിരിക്കുന്നു. കൂടാതെ ദുരന്തങ്ങൾ ഉണ്ടാവുന്നത് ഒരുപരിധിവരെ തടയുന്നതിനും, ലഘൂകരണ പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങളും ദുരിത ബാധിതരുടെ ദീർഘകാല പുനരധിവാസത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ദുരന്ത പ്രവർത്തനങ്ങളിൽ സമയോചിതമായ ജാഗ്രതാ സന്ദേശ പ്രചാരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് KSDMA വികസിപ്പിച്ച കവചം (Kerala Warnings, Hazards and Crisis Management System (KaWaCHaM) ആദ്യത്തെ സംയോജിത ക്ലൗഡ് അധിഷ്ഠിത മുൻകൂർ മുന്നറിയിപ്പ് സംവിധാനമാണ്. മുന്നറിയിപ്പുകൾ, ദുരന്ത പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്, പ്രതികരണ ശേഷി ഉറപ്പാക്കുക, അറിവ് പ്രചരിപ്പിക്കുക എന്നിവ ചട്ടക്കൂടിന് കീഴിൽ കൊണ്ടുവരികയാണ് കവചം പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സൈറണുകളും സ്ട്രോബ് ലൈറ്റുകളും വിന്യസിച്ചിട്ടുണ്ട്. ഈ മുൻകൂർ മുന്നറിയിപ്പ് സംവിധാനം വഴി നിലവിലുള്ള ക്രമീകരണങ്ങളേക്കാൾ വളരെ നേരത്തെ തന്നെ പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ച്

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളെ അറിയിക്കുകയും സമയ ബന്ധിതമായി അവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനും സാധിക്കുന്നു. കൂടാതെ, എല്ലാ വിദൂരസ്ഥലങ്ങളും SEOC തമ്മിലുള്ള ടു-വേ തൽസമയ ഓഡിയോ-വീഡിയോ സഹകരണത്തോടെ, രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാനും കഴിയുന്നു. അപകടതീവ്രതയുടെ അടിസ്ഥാനത്തിൽ ജാഗ്രതാ മുന്നറിയിപ്പ് സന്ദേശങ്ങൾ കോമൺ അലേർട്ട് പ്രോട്ടോകോൾ (CAP) വഴി ജനങ്ങളിലേക്ക് എത്തിക്കുന്നു. ഇതോടൊപ്പം സംസ്ഥാനത്തുടനീളം KSDMAയുടെ സഹായത്തോടെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് 100 ഓട്ടോമാറ്റിക്ക് വെതർ സ്റ്റേഷനുകൾ (AWS) സ്ഥാപിച്ചിട്ടുണ്ട്.<br><br>ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതികളായ ദേശീയ ചുഴലിക്കാറ്റ് ദുരന്തസാധ്യതാ ലഘൂകരണ പദ്ധതി (NCRMP) Phase III, ദേശീയ മണ്ണിടിച്ചിൽ ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി (NLRMP), ആപ്ദമിത്ര Phase II, സെൻഡായി ചട്ടക്കൂട് (Sendai Framework), നീതി ആയോഗ് അഭിലാഷ ജില്ലാപ്രോഗ്രാം (Niti Aayog Aspirational Districts Programme), കോമൺ അലർട്ട് പ്രോട്ടോകോൾ (CAP), എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS 112) എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ